# ഉപദേശത്തിനും പ്രസംഗത്തിനുമുള്ള സഹായങ്ങൾ

ജോൺ കച്ചേൽമാൻ

## "അവന്റെ പേർ എൽക്കാനാ എന്നായിരുന്നു"
## (1 ശമുവേൽ 1:1)

പുരാതന എബ്രായർ ഒരാളുടെ പേരിന്നു പ്രാധാന്യം നൽകിയിരുന്നു. "എൽക്കാനാ" എന്നതിന്റെ അക്ഷരികമായ അർത്ഥം "ദൈവം കൈവശമാക്കിയിരിക്കുന്നതു" എന്നാണ്. അതുകൊണ്ടു ആ പേർ ആ മനുഷ്യന്നു എത്ര അനുയോജ്യമാണ്.

1. അവന്റെ വ്യക്തിത്വത്തെ ദൈവം കൈവശമാക്കി. അവൻ ദൈവത്തെ ഓർമ്മിക്കുന്ന തായി അവന്റെ എല്ലാ പ്രവൃത്തികളും വ്യക്തമാക്കുന്നു. അവനെ നിരീക്ഷിച്ചാൽ മാത്രം, ഒരാൾക്കു ഇതു വ്യക്തമാകും.
2. അവന്റെ രക്ഷകർത്തൃത്വത്തെ ദൈവം കൈവശമാക്കി. തന്റെ വിശ്വാസവും ചുമത ലയും അതുപോലെ മക്കളിലും ഉണ്ടാകുവാൻ അവരെ പരിശീലിപ്പിക്കുന്നതിൽ അവൻ ശ്രദ്ധാലുവായിരുന്നു.
3. അവന്റെ വിവാഹബന്ധത്തെയും ദൈവം കൈവശമാക്കി. ഹന്നയോടുള്ള അവന്റെ ബന്ധം ദയയുള്ളതും, മര്യാദയുള്ളതും, ധാരണയുള്ളതും, കരുതലുള്ളതും, സ്നേഹ മുള്ളതും ആയിരുന്നു.

## ഭക്തി തുറന്നു കാട്ടി
## (1 ശമുവേൽ 1:3)

ദൈവത്തോടുള്ള എൽക്കാനയുടെ ഭക്തി അവന്റെ മതപരമായ പരിശീലനത്തിൽ മാത്രമല്ല ദൈനന്തിന പെരുമാറ്റത്തിലും ഉണ്ടെന്നു വെളിപ്പെടുത്തിയിരിക്കുന്നു. ആ മനു ഷ്യന്റെ ഭക്തി തുറന്നു കാട്ടിയത്....

1. അവന്റെ നിരന്തരവും, സ്ഥിരവും, മനസ്സാക്ഷിപ്രകാരമുള്ളതും, അറിവോടുകൂടിയ തുമായ മതപരിശീലനങ്ങൾ (1:3, 4, 21).
2. മക്കളെ ദൈവവഴി പഠിപ്പിച്ചു പരിശീലിപ്പിക്കുക എന്നതിലുണ്ടായിരുന്ന അവന്റെ മുഖ്യ ശ്രദ്ധ (1:4, 21).
3. ഹന്നയോടു അവനു അഗാധമായ ബന്ധവും സ്നേഹവുമുണ്ടായിരുന്നു (1:8).
4. വ്യണപ്പെട്ടവരോടുള്ള അവന്റെ കരുതലും, വിചാരവും, സൂക്ഷ്മസംവേദനവും (1:8).

ഒരാൾക്കു ആഴ്ച്ചയിൽ ഏഴു ദിവസും ദൈവത്തോടു ഭക്തിയുണ്ടെന്നാണ് ആ പ്രവൃ ത്തികളെല്ലാം തെളിയിക്കുന്നത്. "ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താ വായി വിശുദ്ധീകരിപ്പിൻ" എന്നതിന്റെ ആവശ്യകതയാണ് ഇവിടെ എല്ലാ വിശുദ്ധന്മാ രെയും ആഹ്വാനം ചെയ്യുന്നത് (1 പത്രൊസ് 3:15).

## കുടുംബാരാധന
## (1 ശമുവേൽ 1:4)

ആരാധനാ പ്രവൃത്തികളിൽ കുടുംബം ഒത്തൊരുമിക്കേണ്ടതിന്റെ പ്രാധാന്യത്തെ, നമുക്ക് ആ പുരാതന കുടുംബത്തിൽ നിന്നു കാണാവുന്നതാണ്.

1. കുടുംബാരാധനയുടെ പ്രാരംഭ പോയിന്റു ശ്രദ്ധിക്കുക - ''എൽക്കാനാ യാഗം കഴിച്ചു." ലൗകികകാര്യങ്ങളെ ഉപേക്ഷിച്ചു ആത്മീയകാര്യങ്ങളിൽ ആയിരിക്കണം രക്ഷകർത്താക്കൾ മനസു വയ്ക്കേണ്ടത്.
2. ആവശ്യമായ പരിശീലനം ശ്രദ്ധിക്കുക - "ഓഹരികൾ കൊടുക്കും." മക്കൾക്ക് നിർദ്ദേ ശങ്ങൾ ആവശ്യമാണ് അതു നൽകേണ്ടതു രക്ഷകർത്താക്കളുമാണ്.
3. ലക്ഷ്യത്തെ ശ്രദ്ധിക്കുക - ''എല്ലാവരോടും." ഈ പരിശീലനത്തിൽ ചെറിയവർ മുതൽ, വലിയവർ വരെ, എല്ലാ കുട്ടികളും പങ്കെടുക്കണം. ആരെയും മാറ്റിനിർത്താ വുന്നതല്ല കാരണം "എല്ലാവർക്കും" പങ്കെടുക്കുവാൻ കഴിയും.

## “ഭർത്താക്കന്മാരേ, നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ!”
## (1 ശമുവേൽ 1:5)

ബൈബിളിൽ ഒരിടത്തും ഭാര്യമാരോടു നിങ്ങളുടെ ഭർത്താക്കന്മാരെ സ്നേഹിപ്പിൻ എന്നു കല്പിച്ചിട്ടില്ല, എന്നാൽ ഭർത്താക്കന്മാരോടു നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ എന്നു കല്പിച്ചിട്ടുണ്ട് (എഫെസ്യർ 5:25, 28). എന്തുകൊണ്ട്? കാരണം ഭാര്യയുടെ സ്നേഹം പരസ്പരമുള്ളതാണ്. തന്റെ ഭർത്താവു സ്നേഹിക്കുന്നതനുസരിച്ചു അവൾ ഭർത്താവിനെ സ്നേഹിക്കും! എങ്ങനെ ഒരു ഭർത്താവു തന്റെ ഭാര്യയെ സ്നേഹിക്കണമെന്നു നാം എൽക്കാനയിൽ നിന്നു പഠിക്കുന്നു.

1. അവളെ ഉദാരമായി സ്നേഹിക്കുക (1:5).
2. ദൃശ്യമായ ബന്ധത്തോടുകൂടി അവളെ സ്നേഹിക്കുക (1:5).
3. ശുണ്ഠി പിടിച്ചിരിക്കുമ്പോൾ അവളെ സ്നേഹിക്കുക (1:6).
4. വൈകാരികമായും തളർന്നും ഇരിക്കുമ്പോൾ അവളെ സ്നേഹിക്കുക (1:7. 8).
5. യുക്തിഹീനമായി എന്തെങ്കിലും ചെയ്യുമ്പോൾ അവളെ സ്നേഹിക്കുക (1:8).

## എൽക്കാനാ ഹന്നയെ സ്നേഹിച്ചിരുന്നു
## (1 ശമുവേൽ 1:5)

1. അവന്റെ സ്നേഹം പ്രദർശിപ്പിച്ചു (1:5).
2. അവന്റെ സ്നേഹം അവളുടെ പരീക്ഷണസമയങ്ങളിൽ ശക്തിയായിരുന്നു (1:5, 6).
3. അവന്റെ സ്നേഹം വാക്കുകളിൽ പ്രകടിപ്പിച്ചു (1:8).
4. ഭാര്യയുടെ പദ്ധതി തന്റെ പദ്ധതിയുമായി യോജിക്കാതെ വരുമ്പോൾ അവളെ “ശ്രദ്ധിക്കു”വാൻ അവന്റെ സ്നേഹത്തിനു കഴിഞ്ഞു (1:22).
5. തന്റെ സ്നേഹം ഭാര്യയോടു സഹകരിക്കുവാൻ പ്രേരിപ്പിച്ചു (1:23).

## ദൈവത്തെ തെറ്റിദ്ധരിച്ചു
## (1 ശമുവേൽ 1:5, 6)

ഹന്നാ വർഷങ്ങളോളം മച്ചിയായിരുന്നതുകൊണ്ടു അവളെ തെറ്റിദ്ധരിച്ചു. അതിനൊരുദ്ദേശമുണ്ടായിരുന്നു, എന്നാൽ അതു മനസിലാക്കിയില്ല. ദൈവത്തെ തെറ്റിദ്ധരിച്ചു. ദൈവത്തിന്റെ വഴികളല്ല നമ്മുടെ വഴികൾ എന്നതാണ് ഇവിടത്തെ തത്വം, പലപ്പോഴും നമുക്ക് അതു മനസിലാകുന്നില്ല (യെശയ്യാവു 55:9).

1. അവൻ ശിക്ഷിക്കാതിരിക്കുമ്പോൾ ശിക്ഷിക്കുന്നു എന്നു ദൈവത്തെ തെറ്റിദ്ധരിക്കും.
2. ചിലപ്പോൾ മുഖപക്ഷം കാണിക്കാതിരുന്നിട്ടും ദൈവം മുഖപക്ഷം കാണിക്കുന്നു എന്നു തെറ്റിദ്ധരിക്കും.
3. ചിലപ്പോൾ അവൻ സന്നിഹിതനായിട്ടും സന്നിഹിതനല്ല എന്നു ദൈവത്തെ തെറ്റിദ്ധരിക്കും (1:11).
4. ചില ആളുകൾ അവരുടെ പാപപ്രവൃത്തികൾക്ക് ക്ഷമചോദിക്കുന്നതിനു ദൈവത്തെ തെറ്റിദ്ധരിച്ചു പറയും, “എന്റെ ജീവിതത്തിൽ ഇതായിരിക്കും കർത്താവിന്റെ ഇഷ്ടം!”

ചുരുക്കത്തിൽ, ചിലപ്പോൾ ദൈവത്തെ കുറ്റപ്പെടുത്തുന്നത് വാസ്തവത്തിൽ തെറ്റിദ്ധാരണയാലാണ്. ഒരിക്കൽ തെറ്റിദ്ധാരണ അകറ്റിയാൽ, എല്ലാം വ്യക്തമാകും. അവനെ കർത്താവിനായി സമർപ്പിക്കുവാൻ തയ്യാറാകുന്നതുവരെ അവൾ ആഗ്രഹിച്ച മകനെ നല്കിയിരുന്നില്ല. നാം ശ്രദ്ധിക്കണം, കാരണം ദൈവത്തെ തെറ്റിദ്ധരിച്ചാൽ അതിനുള്ള ഫലം വേദന, ദുഃഖം, വിശ്വാസക്കുറവു എന്നിവയായിരിക്കും! എവിടെയെല്ലാം നമുക്കു പരീക്ഷണം ഉണ്ടായാലും, അവിടെ നമുക്കു ദൈവത്തെ തെറ്റിദ്ധരിക്കാതിരിക്കാം! (ഇയ്യോബ് 9:1-12; 5:8; 13:15).

## ശ്ലാനതക്കുള്ള സാധാരണ കാരണങ്ങൾ
## (1 ശമുവേൽ 1:7)

ഹന്നാ വിഷമാധിക്യത്തിലായിരുന്നു; അവൾ നിരാശയിലായിരുന്നു (1:8, 15, 10). അവളുടെ ജീവിതത്തിൽ ഈ മൂകതക്കു കാരണം എന്തായിരുന്നു?

1. ശുണ്ഠി പിടിപ്പിക്കുന്ന, പെനിന്ന, എന്ന വ്യക്തി (1:7).
2. മക്കളില്ലാതിരുന്നതു മൊത്തത്തിൽ ഒരു പരാജയമാണെന്നു അവൾക്കു തോന്നി (1:2, 5, 6; ഒ.വാ. 1:16).
3. ദൈവേഷ്ടം നന്നായി മനസിലാക്കാതിരുന്നു (1:5, 6, 11).
4. അവൾ പട്ടിണി കിടന്നു ശരീരത്തെ ശ്രദ്ധിക്കാതിരുന്നു (1:7).

തന്നെ കരുതലോടെ സ്നേഹിച്ച തന്റെ ഭർത്താവിന്റെ വാക്കുകൾ കേട്ടു ഹന്നാ എഴുന്നേറ്റു (1:8). അവൾ “എഴുന്നേറ്റു,” പെട്ടെന്നു, ആഹാരം കഴിച്ചു (1:9). അവൾ ശക്തമായി കർത്താവിനോടു പ്രാർത്ഥിച്ചു (1:10). അവളുടെ പ്രശ്നം അവൾ ദൈവത്തിൽ ഏല്പിച്ചു. അവൾക്കതു ഭാരമുള്ളതായിരുന്നു, അതുകൊണ്ടു സ്വയമായി പരിഹരിക്കുവാൻ ശ്രമിക്കുന്നതു നിർത്തി. കാരണം ദൈവത്തിൽ ആശ്രയിക്കുന്നവർക്ക് അവരുടെ ദൈനന്ദിന ജീവിതത്തിലെ വിഷമസന്ധികൾ പരിഹരിക്കപ്പെടുവാൻ, മഹത്വകരമായ അവസാനവാക്യവും അവർക്കായി കാത്തിരിക്കുന്നു (2:20, 21).

## ശാന്തതയിലേക്കുള്ള വഴി
## (1 ശമുവേൽ 1:9-18)

മനോവ്യസനമുള്ളവളായിരുന്നു ഹന്ന. അവളുടെ ഉള്ളിൽ വ്യസനമുണ്ടായിരുന്നു (1:8); അവളിൽ വലിയ നിരാശയുമുണ്ടായിരുന്നു (1:10); അവളിലെ ആത്മാവു ഭാരപ്പെട്ടിരുന്നു (1:15). അവൾ വിഷമിച്ചിരുന്നു. എങ്കിലും അവൾ ജീവിച്ചിരുന്നു! അവൾ ഇരുട്ടിൽനിന്നു പകൽവെളിച്ചത്തിലേക്കു വന്നു. ഇതെങ്ങനെ സംഭവിച്ചു?

1. അവൾ ആരാധിക്കുവാൻ പോയി (1:9).
2. അവൾ ദൈവത്തോടു ശക്തമായും കരളലിയിപ്പിക്കുന്നതുമായ വിധത്തിൽ പ്രാർത്ഥിച്ചു (1:10, 15).
3. തന്റെ “ആകുലതകൾ അവനിൽ അർപ്പിച്ചപ്പോൾ” അവൾ ദൈവത്തിന്റെ അനുഗ്രഹങ്ങൾ പ്രതീക്ഷിക്കയായിരുന്നു (1:11).
4. ചിലതു ചെയ്യുവാനുള്ള വ്യക്തിപരമായ ഉത്തരവാദിത്വം അവൾ ഏറ്റെടുത്തു (1:11).
5. അവളുടെ നിരാശയും ആവശ്യവും അവൾ മറ്റുള്ളവരോടു തുറന്നു പറഞ്ഞു (1:14-16).
6. അവൾ തന്റെ ഭാരം ലഘൂകരിക്കപ്പെട്ടും, അവളുടെ മുഖം “ദുഃഖംകൊണ്ടു വാടാതെ” യുമാണ് പോയത് (1:18; ഒ.വാ. യിരെമ്യാവു 31:13).

## മുന്നറിയിക്കുന്ന ഒരു പരിശീലനം
## (1 ശമുവേൽ 1:12-18)

സമാഗമനകൂടാരത്തിലെ വിശുദ്ധമായ അന്തരീക്ഷത്തിൽ, ഹന്ന തന്റെ കലങ്ങിയ ഹൃദയം ദൈവത്തിലേക്കു പകർന്നു. അവളുടെ ബാഹ്യ പെരുമാറ്റം ഏലി നിരീക്ഷിക്കുകയും തെറ്റായ രീതിയിൽ അവളെ കാണുകയും ചെയ്തു. ഇന്നും അനേകർ അവന്റെ തെറ്റ് പരിശീലിക്കുന്നുണ്ട്. എല്ലാ വസ്തുതകളും അറിയുന്നതിനുമുൻപ് ഒരാളെ വിധിക്കരുത് എന്ന മുന്നറിയിപ്പു പരിശീലനമാണ് ഇത്.

1. എല്ലാം തെറ്റാണ് എന്ന് ഒരാൾ പെട്ടെന്ന് തീർച്ചയാക്കിയേക്കാം (1:14).
2. ഭാരപ്പെട്ട ഒരു ഹൃദയത്തിലേക്ക് ഒരാൾ വീണ്ടും ദുഃഖം കൂട്ടിച്ചേർത്തേക്കാം. അവളൊരു പരാജയമാണെന്ന് ഹന്നക്ക് തോന്നിക്കഴിഞ്ഞിരുന്നു. ഇപ്പോൾ അവൾ “വില

യില്ലാത്തവൾ" എന്നുകൂടെ തോന്നി (1:16).

3. ഹന്നയുടെ സ്വഭാവത്തെ അനാവശ്യമായി ചോദ്യം ചെയ്യുന്ന വിധത്തിൽ - ഒരാൾ കെടുത്തിയേക്കാം (1:16).
4. ഒരാൾ ഹൃദയത്തിലേക്കു നോക്കുവാൻ പരിശ്രമിച്ചു പരാജയപ്പെട്ടേക്കാം (1:15).
5. ഒരാൾ സുബോധമില്ലാതെ, പരുഷമായും, ധൃതി പിടിച്ചും, വികാരരഹിതമായും പെരുമാറിയേക്കാം.

ഏലിക്ക് തെറ്റു സംഭവിച്ചു എങ്കിലും, തിരിച്ചറിഞ്ഞപ്പോൾ അവൻ തെറ്റു തിരുത്തി. അവനുടനെ ഹന്നയുടെ സഹായത്തിനെത്തുകയും അവളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു (1:17, 18). അവൻ ശക്തമായ ഒരു പാഠം പഠിച്ചു!

### "യഹോവ ഓർമ്മിച്ചു" (1 ശമുവേൽ 1:19)

ഹന്നയുടെ തീവ്രമായ നിലവിളിക്കു (1:11) ചുരുങ്ങിയ വാക്കിൽ മറുപടി ലഭിച്ചു. എന്തുകൊണ്ടു ദൈവം അവളെ ഓർത്തു? അവളുടെ വിശ്വാസവും, പ്രാർത്ഥനയും, നിരാശയും, കുഴപ്പവും നിമിത്തം. അതിൽ എന്ത് ആശ്വാസമാണുള്ളത്?

1. വിഷമങ്ങളുടെ മദ്ധ്യേ, ദൈവം നമ്മെ ഓർമ്മിക്കയും നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്യും (റോമർ 8:28; 1 കൊരിന്ത്യർ 10:13; സങ്കീർത്തനങ്ങൾ 34:15-20).
2. നമ്മെ കണക്കാക്കുന്നില്ല എന്നു തോന്നുമ്പോൾ, ദൈവം നമ്മെ സംരക്ഷിക്കും (സദൃശവാക്യങ്ങൾ 11:8).
3. മനുഷ്യർ, ഒരുപക്ഷെ, മറക്കും, എന്നാൽ ദൈവമോ മറക്കുകയില്ല (സങ്കീർത്തനങ്ങൾ 37:28).

വായിക്കുക ആവർത്തനപുസ്തകം 4:31; ഉല്പത്തി 19:29; സങ്കീർത്തനങ്ങൾ 50:15. ദൈവം വലിയ ഓർമ്മശക്തിയുള്ളവനായിരിക്കുന്നതുപോലെ, "ഇനി ഓർക്കുകയുമില്ല" എന്ന ദൈവത്തിന്റെ കഴിവും അപാരമാണ് (യിരെമ്യാവു 31:34; എബ്രായർ 8:12; 10:17).

### "യഹോവ നല്കിയിരിക്കുന്നു" (1 ശമുവേൽ 1:27)

ആത്മിയതയുടെ എന്തൊരു ആഴമാണ് ആ പ്രയോഗത്തിലുള്ളത്! ഹന്നയുടെ ഹൃദയത്തെ വെളിപ്പെടുത്തുന്നതാണിത്.

1. നമ്മെ നിലനിർത്തുന്നതിന് ദൈവത്തിൽ തന്നെ ആശ്രയിക്കണമെന്നു അതു വെളിപ്പെടുത്തുന്നു. ദൈവം നല്കും!
2. ആഗ്രഹങ്ങളും ആവശ്യങ്ങളും പ്രകടിപ്പിക്കുന്ന ഹൃദയത്തെ അതു വെളിപ്പെടുത്തുന്നു. ദൈവം കേൾക്കുകയും പ്രതികരിക്കുകയും ചെയ്യും.
3. മനുഷ്യകഴിവിലുള്ള ആശ്രയക്കുറവു അതു വെളിപ്പെടുത്തുന്നു. മനുഷ്യനു കഴിയുകയില്ലെങ്കിലും ദൈവത്തിനു കഴിയും!
4. ജീവനുള്ള വലിയ ദൈവത്തെ ഒരാൾ മനസിലാക്കുന്നതായി അതു വെളിപ്പെടുത്തുന്നു. ദൈവത്തിന് തരുവാൻ ആഗ്രഹമുണ്ട്!

### പ്രാർത്ഥനയിൽ ശക്തമായ ഉറപ്പ് (1 ശമുവേൽ 1:27)

നാം ദൈവത്തോടു പ്രാർത്ഥിക്കുമ്പോൾ, നമുക്കു കഠിനമായി പ്രാർത്ഥിക്കാം! ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കുകയും മറുപടി നല്കുകയും ചെയ്യും (എഫെസ്യർ 3:20; എബ്രായർ 4:16). പ്രാർത്ഥനയിൽ ഹന്നക്കു അത്ര ശക്തമായ ഉറപ്പുണ്ടാവാൻ കാരണം എന്തായിരുന്നു?

1. അവളുടെ നിരാശയിൽ ദൈവം അവളെക്കുറിച്ചു കരുതിയിരുന്നു എന്നവൾ അറിഞ്ഞിരുന്നു (1:10).

2. അവളുടെ ഹൃദയവും കൈകളും ശുദ്ധമായി ദൈവമുൻപാകെ തുറന്നിരിക്കുന്നു എന്നവൾ അറിഞ്ഞിരുന്നു (1:15).
3. ആത്മാർത്ഥ പ്രാർത്ഥനയുടെ ഫലമായി ലഭിക്കുന്ന ആന്തരിക സന്തോഷവും സമാധാനവും അവൾ അറിഞ്ഞിരുന്നു (1:18).
4. ദൈവത്തിന്റെ കരുണയിൽ ആശ്രയിച്ചു പ്രവർത്തിക്കുവാൻ അവൾ തീരുമാനിച്ചു (1:11, 12, 22).
5. പ്രാർത്ഥനയുടെ ശക്തിയിൽ അവൾക്ക് തീർച്ചയും, ആശ്രയവും, വിശ്വാസവും, ഉറപ്പും ഉണ്ടായിരുന്നു.
6. പ്രാർത്ഥനയ്ക്ക് മറുപടി ലഭിക്കുമ്പോൾ നന്ദി ചെലുത്തുന്നതിലൂടെ അവളുടെ പ്രാർത്ഥനയിലുള്ള ഉറപ്പ് ശക്തിപ്പെട്ടു. ദൈവം നൽകിയപ്പോൾ അവൾ നിശബ്ദയായിരുന്നില്ല!

### വിജയകരമായ രക്ഷാകർത്തൃത്വം (1 ശമുവേൽ 1:28)

തെറ്റിപ്പോകുന്ന മകനെയോർത്ത് ദുഃഖിക്കുന്ന പിതാവിനെ വിവരിക്കുവാൻ ഒരു വാക്കിനും കഴിയുകയില്ല. വിജയകരമായ രക്ഷാകർത്തൃത്വത്തിൽ ഉറപ്പുനൽകുന്ന വ്യവസ്ഥയ്ക്ക് വ്യക്തമായ തെളിവു ഇല്ലെങ്കിലും, മാതാപിതാക്കൾ താഴെ പറയുന്ന ചില തത്വങ്ങൾ പാലിക്കണം.

1. രക്ഷാകർത്തൃത്വ ചുമതലയുടെ മാഹാത്മ്യം തിരിച്ചറിയുക, കാരണം ഓരോ കുട്ടിയും ദൈവത്തിന്റെ ദാനമാണ്! (1:27).
2. ബാല്യത്തിലും ഇളം മനസ്സിലും എല്ലാ - ആത്മീയ തത്വങ്ങളും പകർന്നു കൊടുക്കേണ്ടതിന്റെ ആവശ്യകത തിരിച്ചറിയുക (1:24).
3. ഓരോ കുട്ടിയേയും കർത്താവിന് "സമർപ്പിക്കുവാൻ" ഊർജ്ജവും സമയവും കണ്ടെത്തുക (1:28).
4. ദീർഘമായി ദൈവവേല ചെയ്യുവാൻ യുവത്വത്തിൽ തന്നെ ചുമതല ഏൽപ്പിക്കുക (1:28).

അവർക്ക് അറിയാവുന്നത് മാത്രമേ മാതാപിതാക്കൾക്ക് പഠിപ്പിക്കുവാൻ കഴിയൂ. അവരിൽ ഉള്ള മനോഭാവം മാത്രമേ അവർക്കു പ്രകടിപ്പിക്കുവാനും അവർ ബഹുമാനിക്കുന്ന അതേ രീതിയിൽ തന്നെ ദൈവത്തെ ബഹുമാനിക്കുവാനും ഉത്തേജിപ്പിക്കുവാനും കഴിയൂ. അതുകൊണ്ടു, മാതാപിതാക്കൾ അവരുടെ ജീവിതം വാക്കിലും മാതൃകയിലും ദൈവഭക്തിയുള്ളവരാണെന്ന് ഉറപ്പുവരുത്തുക.

### യെരോഹാമിന്റെ മകൻ, എൽക്കാനാ (1 ശമുവേൽ 1:1-28)

1. ഭക്തിയുള്ള മതപരമായ ഒരു മനുഷ്യൻ (1:3-6, 21).
2. മക്കളുടെ മതപരമായ വളർച്ചയിൽ താല്പര്യമുള്ള പിതാവു (1:4, 22, 23).
3. ദൈവത്തിന്റെ വിവാഹനിയമങ്ങൾ ലംഘിച്ചതുകൊണ്ടു കുടുംബത്തിൽ ഭിന്നത കാണുന്ന ഭർത്താവു (1:2, 6).
4. ദൈവത്തോടു വാക്കു പാലിക്കുവാൻ നിർണ്ണയിച്ച മനുഷ്യൻ (1:21).
5. തന്റെ ഭാര്യയോടു വാക്കിലും പ്രവൃത്തിയിലും സ്നേഹവും ഭക്തിയും പ്രകടിപ്പിച്ച മനുഷ്യൻ (1:8).

### ഒരു പിതാവിനെ ബഹുമാനിപ്പിക്കുന്നതെന്താണ് (1 ശമുവേൽ 1:1-28)

1. ദൈവത്തോടുള്ള ആദരവും ബഹുമാനവും (1:3).
2. നിരന്തരവും പതിവുള്ളതുമായ ആത്മിയത (1:3).

3. ഭക്തിയെ കുടുംബത്തോടു പ്രദർശിപ്പിക്കൽ (1:4, 21).
4. ഭാര്യയോടു ദൃശ്യമായ സ്നേഹം പ്രദർശിപ്പിക്കൽ (1:5, 8).
5. തന്റെ ഭാര്യയോടു ആശയവിനിമയം നടത്തി സഹകരിച്ചു (1:23).
6. ദൈവവചനത്തിൽ സ്പഷ്ടമായ ആശ്രയം (1:23).
7. മക്കളെ ദൈവഭക്തിയിൽ വളർത്തുവാൻ മനസുണ്ടായിരുന്നു (1:28).

## ഇന്നത്തെ പുരുഷന്മാർക്കു വേണ്ട മൂന്നു മുൻഗണനകൾ (1 ശമുവേൽ 1:1-28)

1. ദൈവത്തിൽ ആശ്രയിക്കുന്നവനും, ദൈവത്തെ ആരാധിക്കുന്നവനും, അവനോടു വാക്കു പാലിക്കുന്നവനും ആയിരിക്കുക.
2. വാക്കിനാലും പ്രവൃത്തിയാലും തന്റെ ഭാര്യയെ പ്രോൽസാഹിപ്പിക്കുന്ന ഭർത്താവാകുക (1:5, 8).
3. ദൈവത്തോടുള്ള ഭക്തിയും മതപരമായ എരിവും മക്കളിൽ വളർത്തിയെടുക്കുക എന്നതായിരിക്കണം ഒരു പിതാവിന്റെ ലക്ഷ്യം (1:4, 21, 28).

## ഒരമ്മയുടെ പല മുഖങ്ങൾ (1 ശമുവേൽ 1:1-2:19)

1. നിയന്ത്രിക്കുവാൻ കഴിയാതിരുന്ന ശുണ്ഠിയും പരിമിതികളുമെല്ലാം കാരണം അവളുടെ മുഖം ദുഃഖവും വിഷമവും കൊണ്ടു വാടിയിരുന്നു (1:2-7).
2. ആരാധനായോഗങ്ങളിൽ അവളുടെ മുഖം സ്തുതിയും ഭക്തിയും കൊണ്ടു നിറഞ്ഞിരുന്നു (1:5).
3. അവളുടെ ഹൃദയം ദൈവത്തിൽ പകർന്നു സഹായത്തിനായി അപേക്ഷിച്ചപ്പോൾ, ഉൽസാഹത്തോടെ പ്രാർത്ഥിക്കുന്ന മുഖം അവളിൽ കാണാമായിരുന്നു (1:9-18).
4. തന്റെ ജീവിതത്തിന്റെ അർത്ഥവും ഉദ്ദേശവും നിറവേറുന്നതു ബോധ്യപ്പെട്ടതിന്റെ സന്തോഷം അവളുടെ മുഖത്തുണ്ടായിരുന്നു (1:20).
5. ഒരു പിഞ്ചു കുഞ്ഞിനെ വാൽസല്യത്തോടെ അവന്റെ ഓരോ ദിവസത്തെയും ആവശ്യങ്ങൾ നിറവേറ്റുമ്പോൾ കാണുന്ന സൗമ്യത അവളുടെ മുഖത്തു കാണാമായിരുന്നു (1:22, 23).
6. ഉപരിവസ്ത്രചരടു മുറിച്ചു കുട്ടി ജീവിതത്തിലേക്കു പോകേണ്ടിവരുമ്പോൾ ഉണ്ടാകുന്ന വേർപാടിന്റെ ദുഃഖം അവളുടെ മുഖത്ത് പ്രതിഫലിച്ചിരുന്നു (2:11).
7. കുട്ടി വളർന്നു പക്വതയാർജിച്ച് സാമൂഹ്യജീവിതത്തിൽ ഫലപ്രദമായിത്തീരുന്നതു കാണുമ്പോഴുള്ള സന്തോഷവും അഭിമാനവും അവളുടെ മുഖത്തുണ്ടായിരുന്നു (2:19).

ഒരു അമ്മയുടെ പല മുഖങ്ങളിൽ മഹത്തായ സൗന്ദര്യമുണ്ട്. ആ മനോഹാരിത പ്രായത്തിനോ കാലത്തിനോ മങ്ങലേല്പിക്കുവാൻ കഴിയുന്നതല്ല. കലങ്ങിയ കുട്ടിയുടെ ഹൃദയത്തെ ശാന്തമാക്കുവാനും, കുട്ടിയുടെ നേർക്കു പാഞ്ഞുവരുന്ന കൊടുങ്കാറ്റിൽ നിന്നും, സുരക്ഷിതത്വം നല്കുവാനും അതിനു കഴിയും. അമ്മയുടെ പല മുഖങ്ങൾ ദീർഘകാലം ഓർമ്മിക്കും. മരണത്തിൽ അവൾ കണ്ണടക്കുമ്പോൾ, ഓർമ്മിക്കേണ്ടതിന് അവളുടെ പല മുഖങ്ങളിൽ മറ്റൊന്നു കാണപ്പെടുന്നു – കലക്കമില്ലാത്ത വിശ്രമവും ഭൗമികമല്ലാത്ത സമാധാനവും അവളുടെ മുഖത്ത് കാണാം, കാരണം അവൾ കർത്താവിന്റെ കരങ്ങളിലാണ് ഉറങ്ങുന്നത്. അവളുടെ ധർമ്മോപകാര പ്രവൃത്തികൾ അവൾക്കു സുഖകരമായ ഒരു കിടക്ക നല്കുന്നു! അമ്മയുടെ പല മുഖങ്ങൾ ഓർമ്മിക്കുന്നതിനേക്കാൾ വലിയ അനുഗ്രഹമില്ലെന്നു പറയാം!

## എൽക്കാനാ, ഭക്തിയുള്ള ഒരു പിതാവു
## (1 ശമുവേൽ 1:1-2:21)

1. തന്റെ കുടുംബത്തിന്റെ മുന്നിൽ മതപരമായി ജീവിച്ച മനുഷ്യനായിരുന്നു അവൻ (1:3).
2. ദൈവത്തോടു വാക്കു പാലിക്കേണ്ടതിന്റെ ആവശ്യകത മക്കളെ പഠിപ്പിച്ച പിതാവായിരുന്നു അവൻ (1:21).
3. കുടുംബപരമായ ഭക്തിയെ പ്രോത്സാഹിപ്പിച്ചവനായിരുന്നു അവൻ (1:4, 21).
4. വാസ്തവത്തിൽ ഒരു ഭാര്യയെ എങ്ങനെ സ്നേഹിക്കണമെന്നു അവൻ തന്റെ മക്കളെ കാണിച്ചിരുന്നു (1:8).
5. തന്റെ മക്കൾക്കു ആത്മീയസേവനം നടത്തിയ പിതാവായിരുന്നു അവൻ (1:28).

## ഹന്നാ: മാതൃത്വത്തിന്നു ഒരു മാതൃക
## (1 ശമുവേൽ 1:1-2:21)

1. ദൈവത്തിലുള്ള വിശ്വാസത്തിന്റെ സ്മാരകം. സംശയത്തിലും നിരാശയിലും ആയിരുന്നപ്പോൾ, അവൾ ദൈവത്തിലേക്കു തിരിഞ്ഞു (1:9-18; 2:1-10).
2. പരീക്ഷണങ്ങളിൽ ക്ഷമയുടെ സ്മാരകം (1:7). ഹന്ന വളരെക്കാലം മച്ചിയായതുകൊണ്ടു വിഷമിച്ചു.
3. മക്കളോടുള്ള ഭക്തിയുടെ സ്മാരകം (1:22; 2:19). അവൾ ശമുവേലിനെ സ്നേഹിക്കുകയും അവനെക്കുറിച്ചു കരുതുകയും ചെയ്തു.
4. ത്യാഗത്തിന്റെ സ്മാരകം (1:28). തന്റെ വിലയേറിയ മകനെ ദൈവത്തിനു നൽകുവാൻ അവൾക്കു മനസുണ്ടായിരുന്നു.
5. രക്ഷകർത്തൃത്വസ്മാരകം (1:28). അവളുടെ മകനെക്കുറിച്ചു അവൾക്കു ഏകലക്ഷ്യമേ ഉണ്ടായിരുന്നുള്ളൂ - അവൻ എന്നേക്കും ദൈവഭവനത്തിൽ വസിക്കണം (1:22).

## ഹന്ന: മാതൃകാപരമായ അമ്മക്കുള്ള ദൈവത്തിലെ ആശയം
## (1 ശമുവേൽ 1:1-2:21)

1. തന്റെ മക്കൾക്കു വേണ്ടി ഹൃദയത്തെ ദൈവത്തിലേക്കു പകർന്നുകൊണ്ടു, അവൾ പ്രാർത്ഥിക്കുന്നു (1:10-18).
2. മക്കളോടുകൂടെ ഇരുന്നു അവരെ പോറ്റേണ്ട പ്രാധാന്യം അവൾ മനസിലാക്കിയിരുന്നു (1:21, 22).
3. തന്നെ നയിച്ചിരുന്ന ഒരു ലക്ഷ്യം അവളിൽ ഉണ്ടായിരുന്നു- തന്റെ മക്കൾ യഹോവയുടെ മന്ദിരത്തിൽ എന്നേക്കും വസിക്കണം (1:22, 28; 2:20).
4. ഭർത്താവു തന്റെ അഭിപ്രായത്തെയും ഉപദേശത്തെയും മാനിക്കുന്ന വിധത്തിലായിരുന്നു അവൾ പെരുമാറിയിരുന്നത് (1:23).
5. ദൈവശക്തിയിൽ ഇളകാത്ത ആശ്രയം അവൾക്കുണ്ടായിരുന്നു (1:27; 2:1-10).
6. മക്കളോടുള്ള അവളുടെ സ്നേഹവും ഭക്തിയും അറിയിച്ചിരുന്നത് ചെറിയ, നിഗൂഢമായ വഴികളിലൂടെയായിരുന്നു (2:19).

## കർത്താവിൽ നിന്നുള്ള അനുഗ്രഹങ്ങൾ
## (1 ശമുവേൽ 2:1)

1. ഹൃദയം തൃപ്തിയടയുകയും, സന്തോഷവും, ഉല്ലാസവും നിറയുകയും ചെയ്യും.
2. ശക്തിയും സ്ഥൈര്യവും വർദ്ധിക്കുകയും ചെയ്യും.
3. ദൈവമില്ലാത്തവർ ആത്മവിശ്വാസത്താൽ ശാസിക്കപ്പെടും.

എന്തുകൊണ്ടാണ് ഈ അനുഗ്രഹങ്ങൾ വരുന്നത്? കാരണം രക്ഷ "കർത്താവിൽ" ആണ്.

## ഏലി: സാത്താന്റെ മക്കളുള്ള ഒരു ദൈവപുരുഷൻ (1 ശമുവേൽ 2:12-4:22)

എല്ലാ മാതാപിതാക്കളെയും ഭീതിയിലാഴ്ത്തുന്ന ഹൃദയഭേദകമായ സാഹചര്യം ഇതാ. സമാഗമനകൂടാരപ്രവൃത്തികളിൽ (1:4; 2:13, 14), നിയമപെട്ടകത്തെക്കുറിച്ചുള്ള കാഴ്ച്ചപ്പാടിൽ (4:3, 4; 4:13, 18), മറ്റുള്ളവരോടുള്ള പ്രതികരണത്തിൽ (2:16; 2:25) ദൈവത്തെക്കുറിച്ചുള്ള ധാരണയിൽ (2:17; 2:25) എന്നിവയിൽ ഏലിയുടെയും മക്കളുടെയും പ്രവൃത്തികളിലുള്ള അന്തരം നോക്കുക.

അത്തരം ഭയാനകസാഹചര്യം ഉണ്ടാകുവാൻ രണ്ടു ഘടകങ്ങൾ കാരണമാണ്: അനുവദിക്കുന്ന രക്ഷകർത്തൃത്വവും (3:13; 2:25) രക്ഷകർത്താക്കളുടെ സഹായം കൂടാതെ സ്വയമായി തീരുമാനിക്കുവാൻ മക്കളെ അനുവദിക്കുന്നതും (2:12, 17, 25; 3:13). മാതാപിതാക്കളും കുട്ടികളും ദൈവത്തെ ബഹുമാനിക്കുന്നതിൽ പരാജയപ്പെട്ടാൽ ഫലം ഭയങ്കര നാശമായിരിക്കും.

1. ഒരു കുടുംബത്തിന്റെ സ്വാധീനം നശിച്ചു (2:22-24).
2. ഏറ്റുമുട്ടലും തീവ്രതയും (2:25).
3. ഒരു കുടുംബത്തിന്റെ ദൈവത്തോടുള്ള ഭക്തിയിൽ വിട്ടുവീഴ്ച്ച ചെയ്യുന്നു (2:29). ("നിങ്ങൾ" എന്നു അവിടെ പറഞ്ഞിരിക്കുന്നതു ഏലിയെയും മക്കളെയും കുറിച്ചായിരുന്നു.)
4. ഒരു കുടുംബത്തിന്റെ പൈതൃകം ദുഃഖവും കയ്പ്പും മാത്രം നിറഞ്ഞതാകുന്നു (2:33; 4:13-17).

പലപ്പോഴും അത്തരം കുടുംബം ദൈവമഹിമ നഷ്ടപ്പെടുത്തുകയാണ് (4:19-22). ഇന്നു ആധുനിക കുടുംബങ്ങൾ ഏലിയുടെയും മക്കളുടെയും പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നു എന്നതു എത്ര ദുഃഖകരമാണ്!

## ഗൗരവമുള്ള യാഥാർത്ഥ്യങ്ങൾ (1 ശമുവേൽ 2:13-17)

1. ദൈവഭക്തിയുള്ള മാതാപിതാക്കൾ വളർത്തിയാലും മക്കൾ ദൈവമില്ലാത്തവരായി തീരും (2:12).
2. മതപരമായ അദ്ധ്യക്ഷന്മാർ ദൈവത്തോടു സമർപ്പിക്കപ്പെടാതെ സ്വയസമർപ്പണത്തിലാകുവാൻ കഴിയും (2:15).
3. ആരാധനാപരിശീലനങ്ങൾ അനുഗ്രഹത്തിനുപകരം ശാപമായിത്തീർന്നേക്കാം (2:17).

## ലജ്ജാകരമായ ഫലം (1 ശമുവേൽ 2:17)

കർത്താവിനുള്ള യാഗത്തെ ഏലിയുടെ മക്കൾ പൊതുവായി നിന്ദിച്ചു. "യഹോവയുടെ വഴിപാടിനെ ആ പുരുഷന്മാർ നിന്ദിച്ചു." അത്തരം പ്രസ്താവന എത്ര ദുഃഖകരമാണ് - ഒരാൾ ദൈവത്തെ ആരാധിക്കുന്നതും ദൈവത്തിനു യാഗമർപ്പിക്കുന്നതും മോശമായ രീതിയിലാണെന്നു പറയുകയാണ്. അതെങ്ങനെ സംഭവിച്ചു?

1. അവർ സ്വന്തം കാര്യം മാത്രം നോക്കുകയും മടി കൂടാതെ സ്വന്ത-സുഖത്തിനായി പ്രവർത്തിക്കുകയും ചെയ്തു.
2. അവർ ദൈവത്തിന്റെ ഉപദേശങ്ങളെ ഗണ്യമാക്കിയതുമില്ല.

3. അവർ അപ്പന്റെ ഉപദേശങ്ങളെ തൃജിച്ചുകളഞ്ഞു.
4. അവരുടെ സ്വാധീനഫലങ്ങളെക്കുറിച്ചു അവർ ചിന്തിച്ചതുമില്ല.

ഇതേ ലജ്ജാകരമായ കാര്യങ്ങൾ നമ്മുടെ ജീവിതത്തിലും കാണപ്പെടുവാൻ സാധ്യതയുണ്ട്. കർത്താവിന്നും അവന്റെ സഭക്കും അവജ്ഞ ഉണ്ടാകുന്ന വിധത്തിൽ നാം പ്രവർത്തിക്കുകയോ നാം കാരണമായിത്തീരുകയോ ചെയ്തിട്ടുണ്ടോ? ന്യായവിധിനാളിൽ നാം നില്ക്കുമ്പോൾ നിങ്ങൾ ദൈവത്തിന്നുള്ള വഴിപാടിനെ നിന്ദിച്ചില്ലേ എന്നു പറഞ്ഞു കേൾക്കുന്നത് എത്ര ഭയങ്കരമായിരിക്കും!

## “ശമുവേൽ വളർന്നു” (1 ശമുവേൽ 2:21)

ശമുവേലിന്റെ വളർച്ചയെ കുറിച്ചു പറയുന്ന മൂന്നു വാക്യങ്ങളിൽ (2:21, 26; 3:19), ആദ്യം തന്നെ ദൈവത്തോടുള്ള സമർപ്പണം നാം കാണുന്നു. എന്തുകൊണ്ട്?

1. അവന്റെ മാതാപിതാക്കളുടെ പരിശീലനം നിമിത്തം.
2. അവന്റെ നിരന്തരമായ ദൈവാലയത്തിലെ സാന്നിദ്ധ്യം നിമിത്തം.
3. അവനു തന്റെ സഹമനുഷ്യനോടുള്ള സത്യസന്ധതയും ആത്മാർത്ഥതയും നിമിത്തം.
4. ദൈവനിയമങ്ങളെ കുറിച്ച് അവന്റെ ആദ്യ പ്രായത്തിൽ തന്നെ കർശനമായി പഠിപ്പിച്ചതു നിമിത്തം.

## ഒരു പിതാവിന്റെ ആലോചന അലക്ഷ്യമാക്കി (1 ശമുവേൽ 2:22-25)

ഏലിയുടെ എന്തുപദേശമാണ് അവന്റെ മക്കൾ അലക്ഷ്യമാക്കിയത്?

1. നീതിയെക്കുറിച്ചുള്ള അവന്റെ ഉപദേശം (2:22).
2. ദൈവത്തെക്കുറിച്ചുള്ള അവന്റെ ഉപദേശം (2:12).
3. ദൈവത്തെ ആരാധിക്കുന്നതിനെക്കുറിച്ചുള്ള അവന്റെ ഉപദേശം (2:13-17).

അവരുടെ അപ്പന്റെ ഉപദേശം അവർ തള്ളിക്കളഞ്ഞതുകൊണ്ട്, ശിക്ഷ വരുന്നു (2:25).

## പാപത്തെ എതിരിടൽ (1 ശമുവേൽ 2:22-25)

1. പാപം വെളിപ്പെടും, എതിരിടേണ്ടി വരികയും ചെയ്യും, കാരണം പാപത്തെ എന്നേക്കും മൂടിവെക്കുവാൻ സാധ്യമല്ല (2:22, 23).
2. പാപത്തെക്കുറിച്ചുള്ള വാർത്ത പെട്ടെന്നു വളരെ ദൂരെ സഞ്ചരിക്കും (2:24).
3. ഒരാൾ ദൈവത്തിനെതിരായി പാപം ചെയ്യുകയും മാനസാന്തരപ്പെടാതിരിക്കയും ചെയ്താൽ, ക്ഷമാപണം അസാധ്യമാണ്! ഒരു പ്രത്യാശയുമില്ല (2:25).
4. പാപത്തെ എതിരിടാതെ അതു തുടരുവാൻ അനുവദിക്കാമെങ്കിലും, എതിരിടുമ്പോൾ, ഫലമില്ലാതാകും (2:25; 3:13).

## ഒരു പിതാവിന്റെ പരാജയങ്ങൾ (1 ശമുവേൽ 2:27-36)

മാതാപിതാക്കൾ മക്കളെ വളർത്തുമ്പോൾ പിതാക്കന്മാർ എന്തു ചെയ്യരുതെന്നു ഏലിയുടെ പരാജയം വെളിപ്പെടുത്തുന്നു.

1. ദൈവകൽപനകളെ നിസാരമായി കാണരുത് (2:27-29).
2. കർത്താവിനേക്കാൾ അധികം മക്കളെ സ്നേഹിക്കരുത്; അവർ പാപം ചെയ്താൽ, അവരെ ന്യായീകരിക്കുവാൻ ഒഴികഴിവു കണ്ടെത്തരുത് (2:29).
3. മക്കളുടെ ദുഷ്പ്രവൃത്തികൾക്കു കൂട്ടുനില്ക്കരുത് (2:29).

4. നിങ്ങളുടെ രക്ഷകർത്താവു എന്ന പങ്ക് നിസാരമായി എടുക്കരുത്; നിങ്ങളുടെ മക്കൾക്കു കൊടുക്കുന്ന പരിശീലനവും മറ്റു പലരേയും ബാധിക്കുന്നതാണ് (2:30-36).

## ദൈവകല്പനകൾ ഇഷ്ടപ്പെടാതിരിക്കൽ
## (1 ശമുവേൽ 2:29)

''നിങ്ങൾ അവയെ തള്ളിക്കളയാൻ കാരണമെന്താണ്?'' (2:29; എൻഈബി). അവിശ്വസനീയമായ ഒരു ശാസന ഏലിക്കു ലഭിക്കുന്നു. ദൈവകല്പനയെ നിരസിക്കുന്നതിനെ അവൻ എന്തുകൊണ്ടു കുറ്റപ്പെടുത്തിയില്ല?

1. തന്റെ ഹൃദയത്തിലെ ദൈവസ്ഥാനം പിടിച്ചെടുക്കുവാൻ അവൻ മക്കളെ അനുവദിച്ചു. മക്കളുടെ ഹൃദയത്തിൽ ദൈവത്തിന്നു രണ്ടാം സ്ഥാനം കൊടുക്കുവാൻ അവൻ അനുവദിച്ചു, അതുകൊണ്ടു അവനു ദൈവവും മക്കളും നഷ്ടമായി!
2. തന്റെ മനസിൽ ഉറപ്പിക്കേണ്ട പങ്കിന്റെ ഗൗരവം അവൻ സൂക്ഷിച്ചില്ല. അവന്റെ ജീവിതത്തിൽനിന്നു പൗരോഹിത്യസ്ഥാനം വഴുതിപ്പോകുവാൻ അവൻ അനുവദിച്ചു. ദൈവത്തിന്റെ പുരോഹിതൻ എന്ന നിലക്കു യാഗങ്ങൾ ശരിയായിത്തന്നെ കഴിക്കണമെന്നു അവൻ വിചാരിക്കണമായിരുന്നു.
3. ജീവിതത്തിൽ അച്ചടക്കചിന്തകളെക്കുറിച്ചു അവൻ വിചാരിച്ചില്ല.

## ദൈവവിളിയോടു പ്രതികരിക്കൽ
## (1 ശമുവേൽ 3:10)

ദൈവവിളിയോടുള്ള സ്വീകാര്യമായ പ്രതികരണം ഇതു മാത്രമാണ്:

1. ദൈവത്തിനു നമ്മോടുള്ള ശരിയായ അവകാശത്തിന്റെ അംഗീകാരം ("സംസാരിക്കുക").
2. സത്യസന്ധമായി കേൾക്കുവാനുള്ള മനസ് ("ശ്രദ്ധിക്കൽ").
3. കീഴ്പ്പെട്ടു സേവിക്കുവാനുള്ള താഴ്മ ("നിന്റെ ദാസൻ").

## ദൈവത്തോടുള്ള രാജി
## (1 ശമുവേൽ 3:18)

1. അതു താമസിച്ചു പോയി. ഏലിയുടെ മക്കൾ വലുതായി അവരുടെ തിരഞ്ഞെടുപ്പും നടത്തി. രാജി നേരത്തെ ഉണ്ടായെങ്കിൽ, അവരുടെ ജീവിതം വ്യത്യസ്തമാകുമായിരുന്നു.
2. അതു ദുഃഖത്തോടെ വന്നതാണ്. പശ്ചാത്തലം ദുഃഖമായിരുന്നു; തീരുമാനം മാറ്റുവാൻ കഴിയാത്തതായിരുന്നു. ദൈവത്തോടുള്ള രാജി ഏലി നേരത്തെ എടുത്തിരുന്നെങ്കിൽ, അവന്നു സന്തോഷവും ആഹ്ലാദവും ലഭിച്ചേക്കുമായിരുന്നു.
3. അതു വ്യർത്ഥതയിൽനിന്നു വന്നതാണ്. ദൈവത്തെകൂടാതെ, ഏലി സ്വന്തമായി ശ്രമിച്ചു. എന്തൊരു കുഴപ്പമാണ് അവൻ ഉണ്ടാക്കിയത്! ഇപ്പോൾ, ആശക്കു ഒരു വകയുമില്ലാതായി, തന്റെ വ്യർത്ഥത അവൻ മനസിലാക്കി. അവൻ അതു നേരത്തെ ചെയ്തിരുന്നെങ്കിൽ, അവൻ ഒരുപക്ഷെ പ്രത്യാശയില്ലാത്തവനാകുമായിരുന്നില്ല.

നമുക്കു സന്തോഷവും, സമാധാനവും, ആഹ്ലാദവും ലഭിക്കണമെങ്കിൽ ജീവിതത്തിൽ ദൈവത്തോടുള്ള രാജി മടി കൂടാതെ നേരത്തെ ചെയ്യണം!

## വാസ്തവത്തിലുള്ള മനോഹാരിതയുടെ രഹസ്യം
## (1 ശമുവേൽ 25:3)

അബീഗെയിൽ ഒരു സുന്ദരിയായ സ്ത്രീ ആയിരുന്നു. അവളുടെ അന്തർഭാഗവും

സൗന്ദര്യം ഉള്ളതായിരുന്നു.

1. അബീഗെയിൽ തന്റെ ഉള്ളം സ്നേഹപൂർണ്ണമാക്കുവാൻ ഉള്ള ഏക കാരണം: അവളുടെ വിശ്വാസം!
2. അവളുടെ വിശ്വാസം നിമിത്തം, അബീഗെയിലിന്റെ സൗന്ദര്യം അവളുടെ മനോഭാവത്തിലും സന്തോഷസാന്നിധ്യത്തിലും ശുണ്ഠിയും ദേഷ്യവുമുള്ള വ്യക്തിയെ ശാന്തനാക്കുവാനുള്ള കഴിവിലും കാണാമായിരുന്നു.
3. ഈ ഗുണങ്ങൾ കാരണം, അവളുമായി ബന്ധപ്പെട്ടവർക്ക് അവൾ വാസ്തവത്തിൽ ഒരു അനുഗ്രഹമായിരുന്നു (25:32).

തന്റെ ജീവിതത്തിൽ ദൈവോദ്ദേശ്യം നിറവേറ്റുവാൻ ദൈവഭക്തയായ ആ സ്ത്രീയുടെ ആന്തരിക സൗന്ദര്യത്തിനു കഴിഞ്ഞു. വാസ്തവത്തിലുള്ള മനോഹാരിതയിലേക്കുള്ള രഹസ്യത്തെ അവൾ കാണും.

## കോപത്തെ പരിഹരിക്കുവാൻ (1 ശമുവേൽ 25:24-31)

ദാവീദ് വലിയ കോപിഷ്ഠനായിരുന്നു. അവൻ ഉടനെ പ്രതികരിക്കുന്നവനായിരുന്നു. അത്തരം കോപത്തെ ശമിപ്പിക്കുവാൻ ഒരു സ്ത്രീ എന്തു പറയും അല്ലെങ്കിൽ എന്തു ചെയ്യും? അബീഗെയിലാണ് അതിനു നമുക്കുള്ള മാതൃക.

1. കോപിഷ്ഠരായ ആളുകളെ വിനയത്തോടെ സമീപിക്കുക (25:24).
2. നിങ്ങളുടെ പരാജയങ്ങൾ സമ്മതിക്കുകയും വ്യക്തിപരമായ വൃണപ്പെടുത്തുന്ന കുറ്റം സ്വീകരിക്കുകയും ചെയ്യുക (25:28).
3. കാര്യത്തിലേക്ക് ദൈവത്തെ കൊണ്ടുവരുക (25:29-31).
4. കൃപയോടെ ക്ഷമാപണം സ്വീകരിക്കുക (25:32, 33).
5. വ്യക്തമായ വാക്കുകൾ ഉപയോഗിച്ച് ആശയവിനിമയം നടത്തുകയും, ശ്രദ്ധയോടെ കേൾക്കുകയും ചെയ്യുക (25:24, 35).

## ശമുവേൽ: സമർപ്പണത്തിന്റെ ഒരു ചിത്രീകരണം

ചരിത്രത്തിൽ ഉതിർന്നുപോകാത്ത ദൈവത്തോടുള്ള ഭക്തിയും സമർപ്പണവും ആണ് ശമുവേലിനെ കുറിച്ചുള്ള പ്രസ്താവന. അവനെ ഗർഭം ധരിച്ചതുമുതൽ കല്ലറയിലേക്ക് എടുക്കപ്പെടുന്നതുവരെ, അവൻ ഒരു സമർപ്പണ മനുഷ്യനായിരുന്നു.

1. തന്റെ യുവത്വത്തിൽ അവൻ ഉത്സുകനായിരുന്നു (2:11, 18-21; 3:1-21).
2. തന്റെ പ്രായപൂർത്തിയായ അവസരങ്ങളിൽ അവൻ പതറാത്തവൻ ആയിരുന്നു (7:1-17).
3. തന്റെ സുവർണ്ണകാലത്തിൽ അവൻ തൃപ്തനായിരുന്നു (8:1 മുതൽ; 9:15-10:25; 12:1-25).
4. തന്റെ മരണത്തിൽ അവനു പ്രതിഫലം ലഭിച്ചു (25:1; 28:12-19).

എല്ലാ കാലത്തും സമർപ്പിക്കപ്പെട്ടു ജീവിക്കേണ്ടതിന് ദൈവജനത്തിന് അവന്റെ ജീവചരിത്രം വെല്ലുവിളി നൽകുന്നു.